WEDNESDAY 23-11-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/11/2022.

1. കൃഷിവകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക മേഖല കേന്ദ്രീകരിച്ച് ഫീൽഡ് തലത്തിൽ പ്രവർത്തിച്ച്, കർഷകരോട് നേരിട്ട് ഇടപെട്ട് അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹാരം കാണുകയും ചെയ്യുന്ന സംസ്ഥാനത്തെ രണ്ടാമത്തെ കൃഷിദർശൻ എന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ആരംഭിച്ചു. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണി, നവ സംരംഭക-നൂതന സാങ്കേതിക വിദ്യാപ്രദർശനം, കാർഷിക യന്ത്രവൽക്കരണ രംഗത്തെ നൂതന ആശയങ്ങൾ എന്നിവ ദൃശ്യമാക്കുന്ന അമ്പതോളം സ്റ്റാളുകൾ ഉണ്ടാകും. നാളെ (നവംബർ 24-ന്) രാവിലെ 9 മണിക്ക് തലശ്ശേരി ബ്ലോക്കിലെ 9 കൃഷിഭവനുകൾ കേന്ദ്രീകരിച്ച് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാല കൃഷിശാസ്ത്രജ്ഞർ, മണ്ണ് പര്യവേഷണ വകുപ്പ് ഉദ്യോഗസ്ഥർ മുതലായവർ അടങ്ങിയ വിവിധ ടീമുകൾ സന്ദർശനം നടത്തും. അതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത കൃഷിയിടങ്ങൾ കൃഷിവകുപ്പ് മന്ത്രി സന്ദർശിക്കും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ മേധാവികൾ, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവരുമായി കൃഷിമന്ത്രി കൂടിക്കാഴ്ച നടത്തും.

2. റബ്ബറധിഷ്ഠിതചെറുകിടവ്യവസായങ്ങൾ തുടങ്ങാൻ ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി നൽകുന്ന ധനസഹായപദ്ധതികളെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (നവംബർ 23-ന്) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622** ആണ്.

3. കൃഷി വിജ്ഞാനകേന്ദ്രം സി പി സി ആർ ഐ കാസർഗോഡ് നവംബർ 25 മുതൽ 30 വരെ നീണ്ടുനിൽക്കുന്ന സാങ്കേതിക വിദ്യാ വാരാഘോഷവും കാർഷികമേളയും (കൃഷിദർപ്പൻ 2022) നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനോടനുബന്ധിച്ച് നൂതന കാർഷിക രീതികളും കാർഷിക അനുബന്ധ സാങ്കേതിക വിദ്യകൾ സംബന്ധിച്ച സെമിനാറുകളും കർഷകശാസ്ത്രജ്ഞ സംവാദങ്ങളും കാർഷിക പ്രദർശനവും സംഘടിപ്പിക്കുന്നു.

4. ആലപ്പുഴ ജില്ലയിലെ മണ്ണു പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡിസംബർ 5 ലോകമണ്ണ് ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പെയിന്റിംഗ്, ഉപന്യാസം എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു. പെയിന്റിംഗ് മത്സരത്തിൽ യു.പി, ഹൈസ്കൂൾ വിഭാഗത്തിലുള്ള കുട്ടികൾക്കും ഉപന്യാസ മത്സരത്തിൽ യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലുള്ള കുട്ടികൾക്കും മത്സരിക്കാവുന്നതാണ്. ചേർത്തല ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഈ മാസം **26**-നാണ് (നവംബർ 26) മത്സരങ്ങൾ നടത്തുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ളവർ നവംബർ 25-ന് വൈകുന്നേരം 4 മണിക്ക് മുമ്പായി പേര് ഓഫീസിന്റെ മെയിൽ മുഖാന്തിരമോ, ഫോൺ വഴി നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ ഇന്ദിരാ ജംഗ്ഷന് പടിഞ്ഞാറുവശം പ്രവർത്തിക്കുന്ന ജില്ലാ മണ്ണുപര്യവേക്ഷണ ഓഫീസുമായോ (**0477-2236293**), മേഖലാ മണ്ണ് പരിശോധനാ ലാബുമായോ (**0477 2236294**), ആലപ്പുഴ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ മണ്ണ് സംരക്ഷണ ഓഫീസുമായോ (**0477 2254927**) ബന്ധപ്പെടുവാന്നതാണ്.

5. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയ്പ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

## പരിശീലന പരിപാടികൾ

6. ഐ.സി.എ.ആർ. പത്തനംതിട്ട കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ ഈ മാസം 25-ന് (നവംബർ 25) **ഫ്രോസൺ ടെൻഡർ ചക്ക ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള** പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 700/- രൂപ. ഈ മാസം 24-ന് വൈകിട്ട് 3 മണി വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 26-ന് **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0484 2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. വെള്ളായണി കാർഷികകോളേജ് ട്രെയിനിംഗ് സർവ്വീസ്സ്കീം നവംബർ 24, 25, **26 മട്ടുപ്പാവ്കൃഷി, വീട്ടുമുറ്റത്തെകൃഷി, ജൈവകീടനാശിനികൾ, കൃഷിയിടപരിശീലനം, വിവിധതരം കംപോസ്റ്റുകൾ, വിളകളുടെ കീടരോഗനിയന്ത്രണം"** എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലനത്തിലും, കൃഷിയിട സന്ദർശനത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ത്രിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്ട്സാപ്പ് സന്ദേശമായോ tssvellayani@kau.in എന്ന ഇമെയിലിലേക്ക് അയക്കുകയോ, നേരിട്ട് കാർഷികകോളേജ് വെള്ളായണിയിലെ സോഷ്യൽസയൻസ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് സർവ്വീസ് സ്കീമിന്റെ ഓഫീസിലെത്തി ഇന്ന് വൈകിട്ട് (23/11/2022ന് ) 3 മണിക്ക് മുമ്പ് പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

9. തെങ്ങിൽ ഉണ്ടാകുന്ന **ചെന്നീരൊലിപ്പ് രോഗം** തടയുന്നതിനായി രോഗഭാഗങ്ങൾ വൃത്തിയാക്കി അഞ്ച് ശതമാനം വീര്യമുള്ള ഹെക്സാകൊണസോൾ ലായനി തേച്ചു കൊടുക്കുക ഒപ്പം 2 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചുവട്ടിലും ഒഴിച്ച് കൊടുക്കുക

10. **പയറിലെ മുഞ്ഞയെ** നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ രണ്ട് ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം **ലക്കാനിസീലിയം ലക്കാനി** എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.